Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Alikoya** Technical Support **Fahis Ali**
Cover **Sacheendran Karadka**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555
Manager Tele 0495 2730073
e-mail managerprabodhanamclt@gmail.com

**മലർവാടി**
**കുട്ടികളുടെ ദ്വൈവാരിക**
1 ജൂൺ 2018, പുസ്തകം 38, ലക്കം 15



# പഠിക്കുക, വിജയിക്കുക

സ്കൂൾ തുറന്നപ്പോൾ പരീക്ഷയിൽ മിക്കവരും വിജയിച്ചു. ചിലർക്ക് മാർക്ക് കുറഞ്ഞുകാണും. വിജയിച്ചവർക്ക് അഭിനന്ദനങ്ങൾ. പ്രതീക്ഷിച്ചത്ര മാർക്ക് കിട്ടാത്തതിൽ ദുഃഖിക്കുന്നവർക്ക് വരും പരീക്ഷകളിൽ മികച്ച വിജയം ആശംസിക്കുന്നു.

ക്ലാസിൽ നന്നായി ശ്രദ്ധിക്കുകയാണെങ്കിൽ പിന്നീടുള്ള പ്രയാസം ഒഴിവാക്കാം. അധ്യാപകൻ എഴുതിയും പറഞ്ഞും തരുന്നത് നന്നായി ശ്രദ്ധിക്കൂ. ശരിക്കും ശ്രദ്ധിക്കണം. ഗുരുമുഖത്തുനിന്ന് പഠിക്കുന്നത് മനസ്സിൽ തറയ്ക്കും. പിന്നീട് സ്വയം വായിച്ച് പഠിക്കാനെളുപ്പമാണ്. എളുപ്പം പഠിക്കുന്ന മിടുക്കൻമാർക്ക് കളിക്കാനും സമയം കിട്ടും. കളിയിൽ രസവും കിട്ടും.

അല്ലാത്തവർക്കോ, കളിയുടെ രസവുമില്ല, പഠിപ്പിന്റെ ഫലവുമില്ല. മലപോലെ മിഴിച്ചു നിൽക്കുന്ന പാഠങ്ങളുടെ മുമ്പിൽ പരീക്ഷക്കാലത്ത് പേടിച്ചിരിക്കേണ്ടിയും വരും.

പഠിച്ചേ, വിജയിച്ചേ അടങ്ങൂ എന്നൊരുറച്ച തീരുമാനം ഇപ്പോൾ എടുക്കണം; ഇപ്പോൾ തന്നെ.

• പത്രാധിപർ